പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4544 — 26/06/2014 -ൽ മറുപടിക്ക്

## ആധാരങ്ങളിലെ അണ്ടർ വാല്യുവേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ ;<br>'' കെ. രാജു;<br>'' വി.എസ്. സുനിൽ കുമാർ;<br>'' പി. തിലോത്തമൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) അണ്ടർ വാല്യുവേഷൻ കണ്ടെത്തിയ ആധാരങ്ങൾക്ക് റവന്യൂ റിക്കവറി നടപടികളിലൂടെ പണം ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാലയളവിലുള്ള ആധാരങ്ങൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) ആരംഭിച്ചിട്ടുണ്ട്.<br>1986 മുതൽ കുടിശ്ശികയായിട്ടുള്ള അണ്ടർവാല്യുവേഷൻ കേസുകൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളത്. |
| ബി) അണ്ടർ വാല്യുവേഷൻ കണ്ടെത്തിയിട്ടുള്ളവർക്ക് അധികഫീസ് അടയ്ക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ ; | ബി) 2012 മാർച്ച് 31-ാം തീയതിവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങളിൽ വില കുറച്ചു വച്ച് രജിസ്റ്റർ ചെയ്തതിന്റെ പേരിൽ ആരംഭിച്ചിട്ടുള്ള അണ്ടർവാല്യുവേഷൻ കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി 31/03/2014 ന് അവസാനിച്ചു.<br>അണ്ടർവാല്യുവേഷൻ നടപടികളിലൂടെ അടയ്ക്കേണ്ട കുറവുതുക കക്ഷികൾക്ക് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ആഫീസുകളിൽ നേരിട്ട് ഹാജരായി അടയ്ക്കാവുന്നതാണ്. |
| സി) ആധാരങ്ങൾക്ക് ന്യായവില എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത് ; സബ് ഡിവിഷൻ നമ്പരിന് ന്യായവില രജിസ്റ്ററിൽ വില ഉൾപ്പെടുത്താനും കെട്ടിടമുള്ള എല്ലാ ആധാരങ്ങളും അണ്ടർ വാല്യുവേഷനിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ ; | സി) 1/4/2010 മുതൽ. സർവ്വേ/റീസർവ്വേ/ സബ് ഡിവിഷൻ നമ്പരുകളിൽപ്പെടുന്ന വസ്തുക്കൾക്ക് ന്യായവില നിശ്ചയിച്ചിട്ടുണ്ട്. വസ്തുവും, കെട്ടിടവും, വൃക്ഷങ്ങളും, മറ്റ് കുഴിക്കൂർ ചമയങ്ങളും ഉൾപ്പെടെയുള്ളവയ്ക്ക് നൽകുന്ന വിലയുടെ അഥവാ പ്രതിഫല സംഖ്യയുടെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്. ആയതിനൽ കെട്ടിടമുള്ള ആധാരങ്ങളും അണ്ടർവാല്യുവേഷൻ നടപടികളിൽ ഉൾപ്പെട്ടുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗ പത്ര ആധാരങ്ങളെ അണ്ടർ വാല്യു വേഷനിൽ ഉൾപ്പെടുത്താൻ നടപടി കൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാ ക്കുമോ ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.